**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4784** **19-03-2025 - ൽ മറുപടിയ്ക്ക്**

**തകർന്ന മത്സ്യബന്ധന യാനങ്ങൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ കടൽ ക്ഷോഭത്തിലും മറ്റും തകർന്ന മത്സ്യബന്ധനയാനങ്ങളുടെ നഷ്ടപരിഹാരത്തിനായി എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ കടൽക്ഷോഭത്തിലും മറ്റും തകർന്ന മത്സ്യബന്ധനയാനങ്ങളുടെ നഷ്ടപരിഹാരത്തിനായി നാളിതുവരെ 23 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രസ്തുത 23 അപേക്ഷകളിൽ, 7 അപേക്ഷകർക്ക് 2018 മൺസൂണിന് ശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ നാശനഷ്ടങ്ങൾക്കുമായി 27/08/2020, 10/12/2021 എന്നീ തീയതികളിലെ സ.ഉ. (കൈ) 15/2020/മതുവ, സ.ഉ.(കൈ) 23/2021/ മതുവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 7,81,924/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>06/09/2020, 07/09/2020 എന്നീ തീയതികളിൽ ഉണ്ടായ കടൽക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങൾക്കും വല ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾക്കും സംഭവിച്ച നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിനായി 5 അപേക്ഷ ലഭ്യമായിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾcmo.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈൻ ആയോ ബന്ധപ്പെട്ട അക്ഷയ കേന്ദ്രം മുഖേനയോ സെക്രട്ടറിയേറ്റിലെ straight forward ലേക്ക് തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് നിർദേശം നൽകുകയും ആയത് പ്രകാരം അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾക്ക് റവന്യൂ വകുപ്പിൽ നിന്നും അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് തുക അനുവദിക്കുന്നത്. 09/10/2023 ഉണ്ടായ അപകടത്തിൽ മത്സ്യബന്ധനയാനം നഷ്ടമായതിനെ തുടർന്ന് CMDRF ൽ നേരിട്ട് അപേക്ഷ സമർപ്പിച്ച ഒരു |

| | | | |
|---|---|---|---|
| | | | അപേക്ഷകന് റവന്യൂ വകുപ്പ് മുഖേന സി.എം.ഡി.ആർ.എഫിൽ നിന്നും 90,000/- രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് മറ്റു കടൽക്ഷോഭങ്ങളിൽ നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് ജില്ല ഓഫീസിൽ ലഭിച്ച 5 അപേക്ഷകൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാകുന്നതിന് cmo.kerala.gov.inഎന്ന വെബ് സൈറ്റ് വഴി ഓൺലൈൻ ആയോ ബന്ധപ്പെട്ട അക്ഷയ കേന്ദ്രം മുഖേനയോ സെക്രട്ടറിയേറ്റിലെ straight forward ലേക്ക് തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ അംഗമായിട്ടുള്ള 5 മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് വകുപ്പിൽ ക്ലെയിം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 3 അപേക്ഷകൾക്ക് ആകെ 1,15,040 രൂപ ക്ലെയിം തുകയായി അനുവദിച്ചിട്ടുണ്ട്, ബാക്കി 2 അപേക്ഷകൾക്ക് ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; നഷ്ടപരിഹാരം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ മണ്ഡലത്തിൽ കടൽക്ഷോഭത്തിലും മറ്റും തകർന്ന മത്സ്യബന്ധനയാനങ്ങളുടെ നഷ്ടപരിഹാരത്തിനായി നാളിതുവരെ 23 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രസ്തുത 23 അപേക്ഷകളിൽ, 7 അപേക്ഷകർക്ക് 2018 മൺസൂണിന് ശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ നാശനഷ്ടങ്ങൾക്കുമായി 27/08/2020, 10/12/2021 എന്നീ തീയതികളിലെ സ.ഉ. (കൈ) 15/2020/മതുവ, സ.ഉ.(കൈ) 23/2021/ മതുവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 7,81,924/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>06/09/2020, 07/09/2020 എന്നീ തീയതികളിൽ ഉണ്ടായ കടൽക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങൾക്കും വല ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾക്കും സംഭവിച്ച നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിനായി 5 അപേക്ഷ ലഭ്യമായിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾcmo.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈൻ ആയോ ബന്ധപ്പെട്ട അക്ഷയ കേന്ദ്രം മുഖേനയോ സെക്രട്ടറിയേറ്റിലെ straight forward ലേക്ക് തപാൽ |

| | | | |
|---|---|---|---|
| | | | മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് നിർദേശം നൽകുകയും ആയത് പ്രകാരം അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾക്ക് റവന്യൂ വകുപ്പിൽ നിന്നും അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് തുക അനുവദിക്കുന്നത്. 09/10/2023 ഉണ്ടായ അപകടത്തിൽ മത്സ്യബന്ധനയാനം നഷ്ടമായതിനെ തുടർന്ന് CMDRF ൽ നേരിട്ട് അപേക്ഷ സമർപ്പിച്ച ഒരു അപേക്ഷകന് റവന്യൂ വകുപ്പ് മുഖേന സി.എം.ഡി.ആർ.എഫിൽ നിന്നും 90,000/- രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് മറ്റു കടൽക്ഷോഭങ്ങളിൽ നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് ജില്ല ഓഫീസിൽ ലഭിച്ച 5 അപേക്ഷകൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാകുന്നതിന് cmo.kerala.gov.inഎന്ന വെബ് സൈറ്റ് വഴി ഓൺലൈൻ ആയോ ബന്ധപ്പെട്ട അക്ഷയ കേന്ദ്രം മുഖേനയോ സെക്രട്ടറിയേറ്റിലെ straight forward ലേക്ക് തപാൽ മാർഗ്ഗമോ നേരിട്ടോ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2018 മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ അംഗമായിട്ടുള്ള 5 മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് വകുപ്പിൽ ക്ലെയിം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 3 അപേക്ഷകൾക്ക് ആകെ 1,15,040 രൂപ ക്ലെയിം തുകയായി അനുവദിച്ചിട്ടുണ്ട്, ബാക്കി 2 അപേക്ഷകൾക്ക് ഇൻഷുറൻസ് ക്ലെയിം അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ